മുനിസിപ്പാലിറ്റികളിലെ സിമൻറ് സ്റ്റോർ

*൭൩൭. (൨) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഡിസ്ട്രിക്ട് മുനിസിപ്പാലിറ്റികളിൽ സിമൻറ് "സ്റ്റോർ" ചെയ്യുന്നതിന് ലൈസൻസുഫീസ് ഈടാക്കുന്നുണ്ടോ?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): ആലുവാ ആറങ്ങൽ എന്നീ മുനിസിപ്പാലിറ്റികളിൽ മാത്രം സിമൻറ് സ്റ്റോറുചെയ്യുന്നതിന് ലൈസൻസു ഫീസ് ഈടാക്കുന്നുണ്ട്.

ശ്രീ. പി. നാണു: സ്റ്റോറിംഗിന് ലൈസൻസുഫീസ് ഈടാക്കുന്നതിന് നിയമത്തിൽ വ്യവസ്ഥയുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: സ്റ്റോറിംഗിനു ലൈസൻസുഫീസ് ഈടാക്കാൻ പാടില്ലെന്ന് നിയമത്തിൽ വ്യവസ്ഥയില്ല.

ശ്രീ. പി. നാണു: ഇന്നയിന്ന സംഗതികൾക്കു ലൈസൻസ്ഫീസ് ഈടാക്കുവാൻ പാടുള്ളുവെന്നു് ആക്ടിൻറെ ഷെഡ്യൂൾ മൂന്നിൽ പറഞ്ഞിട്ടുണ്ട്. അക്കൂട്ടത്തിൽ സ്റ്റോറിംഗ് ഉൾപ്പെടുത്തിയിട്ടില്ലെന്നറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അക്കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളതു് ശരിയാണു്. ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്നതു ഇന്നയിന്ന സംഗതികൾക്കെല്ലാം ടാക്സ് ഈടാക്കാം എന്ന മാത്രമാണു്. സ്റ്റോറിംഗിനു് ലൈസൻസ്ഫീസ് ഈടാക്കാൻ പാടില്ല എന്നു നിരോധിക്കുന്ന യാതൊരു വ്യവസ്ഥയും ആക്ടിൽ ഇല്ല.

PROHIBITION

*738. [3] **Sri. D. Gnanasigamoni:** Will the Hon'ble Minister for Industries and Excise be pleased to state how long do the Government propose to continue the present policy of keeping a portion of the country dry and the other wet?

Minister for Industries, Excise and Local Self Government. **(Sri. N. Kunjuraman):** Prohibition will be extended by stages throughout the State. No specified date has been fixed for making the whole State dry.

Sri. D. Gnagasigamoni: What is the policy of Government in this regard?

Sri. N. Kunjuraman: It is one of progressive prohibition.

Sri. D. Gnanasigamoni: May I know whether the extent of prohibition offences is on the increase or decrease?

Sri. N. Kunjuraman: Another question is coming up for answer regarding this.

Sri. D. Gnanasigamoni: Has not partial prohibition contributed to the increase of offences?

ശ്രീ. എൻ. കുഞ്ഞുരാമൻ: വല്ലിച്ചിട്ടുണ്ടെന്നു് പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇട്ടീര അന്തുക്കൻ: പ്രൊഹിബിഷൻ നടപ്പാക്കുന്നതിനെ സംബന്ധിച്ചു് കേന്ദ്രഗവൺമെൻറിൽനിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

ஸ்ரீ. ஏ. சிதம்பரநாத நாடார்: இந்தச் சூழ் நிலையில் 1952 வரை கள், சாராயம் இவைகளை லேலமிடக் காரணமென்ன?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഫൻ ൫ മാർച്ചുവരെ ലേലംചെയ്തുകൊടുത്തതു് സാമ്പത്തികവർഷം അനുസരിച്ചു കണക്കു ശരിപ്പെടുത്തുന്നതിനാണു്.

LIBRARY ARCHIVES Kerala Legislative Assembly